**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2170** **12-02-2024-ൽ മറുപടിയ്ക്ക്**

**<u>തൊഴിലിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന മാനസിക പീഡനം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി ഉമ തോമസ് | ശ്രീ. രമേശ് ചെന്നിത്തല |
| ശ്രീമതി ഉമ തോമസ് | (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി) |
| ശ്രീമതി കെ. കെ. രമ | |

**(എ)** തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനത്തിന് ഇരയാകുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനത്തിന് ഇരയാകുന്ന സംഭവങ്ങളെ തുടർന്നുള്ള കേസുകളുടെ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ, പരാതിപ്പെടാനും, പരാതികളിൽ തങ്ങൾക്ക് സംരക്ഷണം ലഭിക്കുമെന്ന വിശ്വാസം തൊഴിലെടുക്കുന്ന വനിതകൾക്കിടയിൽ സൃഷ്ടിക്കപ്പെട്ട സാഹചര്യത്തിലാണ് ഈ സംഭവങ്ങൾ തുറന്നു പറയാൻ ഇവർ തയ്യാറാകുന്നത് എന്നും വിലയിരുത്തിയിട്ടുണ്ട്.

**(ബി)** തൊഴിലിടത്തിലെ സമ്മർദ്ദം താങ്ങാനാകാതെ പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. കൊല്ലം പരവൂർ മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് പരവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 119/2024 U/s 174 CrPc പ്രകാരം രജിസ്റ്റർ ചെയ്ത കേസ് നിലവിൽ കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസി. കമ്മീഷണർ അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു.

**(സി)** ഇത് സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മരണപ്പെട്ട അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ആത്മഹത്യാ കുറിപ്പിൽ ടിയാൾ മേലുദ്യോഗസ്ഥരെക്കുറിച്ചും സഹപ്രവർത്തകരെക്കുറിച്ചും ആരോപണം ഉന്നയിച്ചിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് നിയമോപദേശം തേടിയും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും അന്വേഷണം തുടരുന്നു.

**സെക്ഷൻ ഓഫീസർ**